പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1297 — 04/12/2014 ൽ മറുപടിയ്ക്ക്

# സർവ്വേ വകുപ്പിന്റെ കൈയിലുള്ള പുറംമ്പോക്ക് ഭൂമിയുടെ രേഖകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർവ്വേ വകുപ്പിന്റെ കൈയ്യിലുള്ള പുറമ്പോക്ക് ഭൂമിയുടെ രേഖകൾ പൊടിഞ്ഞുപോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ് സർവ്വേ ഡയറക്ടർ അറിയിച്ചിട്ടുള്ളത്. |
| (ബി) ഉണ്ടെങ്കിൽ ഇത്തരം രേഖകൾ സൂക്ഷിക്കുന്നതിന് സർക്കാർ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) കാലപ്പഴക്കം കൊണ്ട് നാശം സംഭവിച്ചു കൊണ്ടിരിക്കുന്ന സർവെ രേഖകൾ സംരക്ഷിക്കുന്നതിന് ഇ-രേഖ പദ്ധതിയിൽ ഉൾപ്പെടുത്തി സെൻട്രൽ സർവെ ഓഫീസിലെ പഴയ സർവെ റിക്കാർഡുകളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും നടന്നു വരുന്നു. കൂടാതെ ജില്ലാ തലത്തിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചു വരുന്നു. |
| (സി) ഇത്തരത്തിൽ എത്ര രേഖകൾ സർവ്വേ വകുപ്പിൽ നിന്ന് പൊടിഞ്ഞു പോയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;<br>(ഡി) ഇത് ഏതെല്ലാമാണെന്നും എപ്പോഴൊക്കെയാണ് ഇത് പൊടിഞ്ഞുപോയതെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ? | (സി) & (ഡി) ഇ-രേഖ പദ്ധതിയുടെ ഭാഗമായി നടന്നു വരുന്ന ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായാൽ പൊടിഞ്ഞു പോയ രേഖകളെ സംബന്ധിച്ച് കൃത്യമായി അറിയുവാൻ സാധിക്കും. കാലപ്പഴക്കം മൂലവും നിരന്തര ഉപയോഗം മൂലവും രേഖകൾക്ക് നാശം സംഭവിക്കുന്നതിനാൽ ഏതൊക്കെ കാലയളവിലാണ് പൊടിഞ്ഞു പോയതെന്ന് കൃത്യമായി നിർണ്ണയിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |

സെക്ഷൻ ഓഫീസർ